**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1438** **07-02-2023 - ൽ മറുപടിയ്ക്ക്**

**അദ്ധ്യാപക നിയമനത്തിൽ ഭിന്നശേഷിക്കാർക്ക് സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എയ്ഡഡ് മേഖലയിലെ അദ്ധ്യാപക നിയമനത്തിൽ ഭിന്നശേഷിക്കാരുടെ നാല് ശതമാനം സംവരണം നടപ്പിലാക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ; എങ്കിൽ ആയതിന്റെ പുരോഗതി വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങളിൽ, 07.02.1996 മുതൽ 18.04.2017 വരെ മൂന്ന് ശതമാനവും, 19.04.2017 മുതൽ നാല് ശതമാനവും ഭിന്നശേഷി സംവരണം പാലിക്കണം എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. 18.11.2018 ലെ സ.ഉ.(പി)നം.18/2018/സാ.നീ.വ, 25.06.2022 ലെ സ.ഉ.(കൈ)നം.111/2022/പൊ.വി.വ, 28.10.2022 ലെ ജെ3/49/2021/പൊ.വി.വ നമ്പർ സർക്കാർ കത്ത്, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 23.11.2022 ലെ എച്ച്2/295299/2021/ഡിജിഇ നമ്പർ പരിപത്രം എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സംവരണം പാലിക്കേണ്ടതാണ് എന്ന നിർദ്ദേശം ബന്ധപ്പെട്ട എല്ലാവർക്കും നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, സമന്വയ സോഫ്റ്റ് വെയർ മുഖാന്തിരം റോസ്റ്റർ തയാറാക്കി സമർപ്പിക്കുവാനും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് നിയമനം നൽകാനും നിർദ്ദേശം നല്കിയിട്ടുള്ളതും തുടർ നടപടികൾ സ്വീകരിച്ചു വരുന്നതുമാകുന്നു. |
| (ബി) | ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് എയ്ഡഡ് മേഖലയിൽ അദ്ധ്യാപക നിയമനം നടത്താൻ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (ബി) | 18.11.2018 ന് ശേഷം സംജാതമായ ഒഴിവുകളിൽ നിയമിതമായ ജീവനക്കാരിൽ നിലവിൽ അംഗീകരിക്കപ്പെടാതെ തുടരുന്നവരുടെ നിയമനാംഗീകാരം അംഗീകാരം ഭിന്നശേഷി സംവരണം സംബന്ധിച്ച കോടതി നിർദേശങ്ങളുടെയും ബന്ധപ്പെട്ട മറ്റ് സർക്കാർ ഉത്തരവുകളുടെയും, അടിസ്ഥാനത്തിൽ പരിശോധിച്ച് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (സി) | പ്രസ്തുത അദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ? | (സി) | 18.11.2018 ന് ശേഷം സംജാതമായ ഒഴിവുകളിൽ നിയമിതമായ ജീവനക്കാരിൽ നിലവിൽ അംഗീകരിക്കപ്പെടാതെ തുടരുന്നവരുടെ നിയമനാംഗീകാരം അംഗീകാരം ഭിന്നശേഷി |

| | | | |
|---|---|---|---|
| | | | സംവരണം സംബന്ധിച്ച കോടതി നിർദേശങ്ങളുടെയും ബന്ധപ്പെട്ട മറ്റ് സർക്കാർ ഉത്തരവുകളുടെയും, അടിസ്ഥാനത്തിൽ പരിശോധിച്ച് തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ